**File No.DMA2/165/2019-DMD**

**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- പ്രളയം 2018-ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിനുള്ള ഉജ്ജീവന വായ്പ സഹായ പദ്ധതി- പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

**സ.ഉ.(കൈ) നം.4/2019/DMD** തീയതി,തിരുവനന്തപുരം, 22/02/2019

---

പരാമർശം:- 1 17-12-2018 ലെ സ.ഉ(കൈ)27/2018/ഡി.എം.ഡി നമ്പർ ഉത്തരവ്.

2 ദുരന്തനിവാരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി SLBC കൺവീനറുമായി 28-01-2019 ൽ നടത്തിയ ചർച്ച.

**<u>ഉത്തരവ്</u>**

ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കു ന്നതിനുള്ള ഉജ്ജീവന വായ്പ സഹായ പദ്ധതിയ്ക്ക് മാർഗ്ഗ നിർദ്ദേശം നൽകി ക്കൊണ്ടുള്ള പരാമർശം (1)ഉത്തരവ് താഴെപ്പറയും പ്രകാരം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i)പരാമർശിത ഉത്തരവിലെ അനുബന്ധം ഫോറം 2-ൽ 'വിതരണം ചെയ്ത വായ്പ തുക' എന്നതിനു പകരം 'അനുവദിച്ച വായ്പ തുക' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

ii) 2018 ലെ പ്രളയത്തീയതി ആഗസ്റ്റ് മാസം 1 ആയി കണക്കാക്കേണ്ടതാണ്.

iii)ഉജ്ജീവന വായ്പ സഹായ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾക്ക് സർക്കാർ സഹായം ലഭിക്കുന്നതിന് Resurgent Kerala Loan Scheme (RKLS) ഉൾപ്പെടെ മറ്റ് സാമ്പത്തിക സഹായം ലഭിച്ചത് തടസ്സമാവില്ല.

iv) പദ്ധതിയ്ക്കനുബന്ധമായുള്ള വായ്പ നടപടിക്രമങ്ങൾ State Level Bankers Committee(SLBC) നിശ്ചയിച്ച് നിർദ്ദേശിക്കേണ്ടതാണ്.

V) പരാമർശിത ഉത്തരവിലെ ഖണ്ഡിക III, iV എന്നിവ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ നിഷ്കർഷിച്ച ദുരന്ത ബാധിതർക്ക് അവർ ജീവനോപാധി പുനരാരംഭത്തിനായി

എടുക്കുന്ന term loan-ന്റെയോ പ്രവർത്തന മൂലധനത്തിന്റെയോ (Working capital) മാർജിൻ മണി പരമാവധി 2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുള്ളതും ആയത് നേരിട്ട് ലോൺ അക്കൗണ്ടിലേക്ക് കൊടുക്കുന്നതാണ്.

Vi) മേൽ നിഷ്കർഷിച്ച ഉജ്ജീവന വായ്പാ സഹായ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന പദ്ധതികളുടെ പുരോഗതി രണ്ട് ആഴ്ചയിലൊരിക്കൽ District Level Bankers Committee (DLBC) അവലോകനം ചെയ്യേണ്ടതാണ്.

2) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമേശന്.എം.കെ

അഡീഷണല് സെക്രട്ടറി

1. കൺവീനർ, സംസ്ഥാന ബാങ്കർമാരുടെ സമിതി (SLBC), SLBC Cell, Canara Bank, Circle Office, Canara Bank Building, MG Road,, Thiruvananthapuram, Kerala 695001
2. കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
3. എല്ലാ ജില്ലാ കളക്ടർമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്ലർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
5. സഹകരണ സംഘങ്ങളുടെ രജിസ്ട്രാർ
6. സംസ്ഥാന സഹകരണ ബാങ്ക്
7. ജില്ലാ സഹകരണ ബാങ്കുകൾ
8. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
9. അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
10. വിവിധ വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും
11. ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
12. എല്ലാ വകുപ്പ മേധാവികൾക്കും
13. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ് മുഖേന)
14. ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
15. വ്യവസായ വകുപ്പ്
16. ധനകാര്യ വകുപ്പ്
17. റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
18. കൃഷി വകുപ്പ്
19. ക്ഷീര വികസന വകുപ്പ്
20. മൃഗ സംരക്ഷണ വകുപ്പ്
21. സഹകരണ വകുപ്പ്
22. വിവര പൊതുജന സമ്പർക്ക വകുപ്പ്

23. പൊതുഭരണ (എസ്.സി) വകുപ്പ്

24. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

പകർപ്പ്:-

1. ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും

3. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

4. റവന്യൂ ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

5. ദുരന്ത നിവാരണ (ബി) വകുപ്പ്
6. ദുരന്ത നിവാരണ (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ